**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

## പത്രക്കുറിപ്പ്

# എല്ലാവരും ജലാശയങ്ങളിലേക്ക്: ജലസമൃദ്ധിയുടെ വീണ്ടെടുപ്പുമായി ഹരിതകേരളം മിഷന് രണ്ടാം വാർഷികം

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജനകീയ പുഴ സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചുകൊണ്ട് ഹരിതകേരളം മിഷൻ നാളെ (2018 ഡിസംബർ 8) രണ്ടാം വാർഷിക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കും. കാർഷിക സമൃദ്ധിക്ക് അവിഭാജ്യ ഘടകമായ ജലസമൃദ്ധി ലക്ഷ്യമിട്ട് 'എല്ലാവരും ജലാശയങ്ങളിലേക്ക്' എന്ന സന്ദേശവുമായാണ് പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ജനകീയ കൂട്ടായ്മകളുടെയും നേതൃത്വത്തിലാണ് പുഴ ശുചീകരണ സംരക്ഷണ പ്രവർത്തനങ്ങൾ നടക്കുന്നത്. സംസ്ഥാനത്ത് വിവിധയിടങ്ങളിലായി നടക്കുന്ന പരിപാടികളിൽ മന്ത്രിമാർ, എം.പിമാർ, എം.എൽ.എ മാർ, ജനപ്രതിനിധികൾ, സാമൂഹ്യ സാംസ്കാരിക നായകർ തുടങ്ങിയവർ ഉൾപ്പെടെ വൻ ജനാവലി പുഴ സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകും. കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിൽ പാണ്ടിവയൽ തോട് പുനരുജ്ജീവനം ജലവിഭവ വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടിയും കല്ലടയാർ ശുചീകരണം വനംവകുപ്പ് മന്ത്രി കെ.രാജുവും ഉദ്ഘാടനം ചെയ്യും. പാലക്കാട് ജില്ലയിലെ മംഗലംപുഴയിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് സാംസ്കാരിക വകുപ്പ് മന്ത്രി എ.കെ.ബാലൻ നേതൃത്വം നൽകും. വയനാട് കബനീ നദിയിലെ ശുചീകരണ പ്രവർത്തനങ്ങൾ തുറമുഖ വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. കണ്ണൂർ ജില്ലയിലെ കക്കാട് പുഴയിൽ ആരോഗ്യ മന്ത്രി കെ.കെ.ശൈലജ, പി.കെ.ശ്രീമതി എം.പി എന്നിവരുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടക്കും. ഇടുക്കി ജില്ലയിലെ പെരിയാർ (മരിയാപുരം) ദേവിയാർപുഴയിലെ ശുചീകരണ പ്രവർത്തനങ്ങൾ വൈദ്യുതി മന്ത്രി എം.എം.മണി ഉദ്ഘാടനം ചെയ്യും. ജോയ്സ് ജോർജ്ജ് എം.പി, റോഷി അഗസ്റ്റിൻ എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഹരിതകേരളം മിഷൻ എക്സിക്യുട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ സീമ എന്നിവർ പങ്കെടുക്കും.

തിരുവനന്തപുരം ജില്ലയിൽ വാമനപുരം നദിയിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് ഡോ.എ.സമ്പത്ത് എം.പിയും ഡി.കെ മുരളി എം.എൽ.എ യും കാട്ടാക്കട വിളപ്പിൽ ശാലയിൽ ഐ.ബി സതീഷ് എം.എൽ.എ യും പത്തനംതിട്ട കോഴിത്തോട് വീണാജോർജ്ജ് എം.എൽ.എ യും കോട്ടയം മൗണ്ട് കാർമ്മൽ സ്കൂളിന് സമീപമുള്ള തോട് കോട്ടയം മുനിസിപ്പൽ ചെയർമാനും തൃശൂർ ജില്ലയിലെ ചാവക്കാട്, പെരിങ്ങാട് എന്നിവിടങ്ങളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടും എടത്തിരുത്തി കനോലികനാൽ ടൈസൺ മാസ്റ്റർ എം.എൽ.എ യും മലപ്പുറത്ത് പുഴക്കാട്ടിരി പുഴ അഹമ്മദ് കബീർ എം.എൽ.എ യും കോഴിക്കോട് പെരുമൺകടവ് തോട് വി.കെ.സി.മമ്മദ് കോയ എം.എൽ.എ യും കാസർഗോഡ് ചിറ്റാരിപ്പുഴ ബി.കരുണാകരൻ എം.പി യും പുഴ ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. ഇതിനു പുറമേ കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടിപ്പുഴ, എറണാകുളം ജില്ലയിലെ ചങ്ങനാരിക്കൽ, മലപ്പുറം ജില്ലയിലെ ചെറുപുഴ, കൊണ്ടോട്ടി, വാഴൂർതോട്, കോഴിക്കോട് ജില്ലയിലെ കനോലികനാൽ, ആലപ്പുഴ ജില്ലയിലെ കരിപ്പയിൽതോട് തുടങ്ങി വിവിധയിടങ്ങളിലും പുഴ ശുചീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടക്കും. ഓരോയിടത്തും നിശ്ചിത പ്രദേശങ്ങളിൽ നിശ്ചിത ദൂരത്താണ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുള്ളത്. വിവിധ പുഴകളിലും ജലാശയങ്ങളിലും ഡിസംബർ 8 നും തുടർന്നുള്ള ദിവസങ്ങളിലുമായാണ് ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുള്ളത്.

**ഒപ്പ്/-**
**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**

**റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004**
**ഫോൺ : 0471 2449939, ഇ-മെയിൽ :** haritham@kerala.gov.in